തൊഴിൽ നഷ്ടപ്പെട്ട മദ്യവ്യവസായ മേഖലയിലെ തൊഴിലാളികളുടെ സംരക്ഷണം

8(*37) ശ്രീ. പി. രാഘവൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചാരായ നിരോധനം ഏർപ്പെടുത്തിയതോടുകൂടി തൊഴിൽ നഷ്ടപ്പെട്ട മദ്യവ്യവസായ മേഖലയിലെ തൊഴിലാളികളുടെ സംരക്ഷണത്തിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് സമീപകാലത്തുണ്ടായ വിഷമദ്യദുരന്തത്തെ തുടർന്ന് അടച്ചുപൂട്ടപ്പെട്ട അംഗീകൃത മദ്യഷാപ്പുകളിലെ എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടുവെന്നത് സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് വ്യാജമദ്യവേട്ട ശക്തമാക്കുന്നതിനോടൊപ്പം തൊഴിൽ നഷ്ടപ്പെടുന്ന അംഗീകൃത മദ്യഷാപ്പുകളിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) തൊഴിൽ നഷ്ടമാകുന്ന തൊഴിലാളികൾക്ക് സർക്കാർ സമാശ്വാസ തുക നൽകി വരുന്നുണ്ടോ ;

(ഇ) എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള):

(എ) ചാരായ നിരോധനം ഏർപ്പെടുത്തിയതുമൂലം തൊഴിൽ നഷ്ടപ്പെട്ട എല്ലാ അംഗ തൊഴിലാളികൾക്കും ആശ്വാസ ധനസഹായമായി 2,000 രൂപ വീതവും പുനരധിവാസം പ്രായോഗികമല്ലെന്ന് കണ്ടെത്തിയതിനാൽ പുനരധിവാസത്തിനു പകരം സർക്കാർ വക നഷ്ടപരിഹാരമായി 30,000 രൂപ വീതവും നൽകിയിട്ടുണ്ട്. കൂടാതെ ഇപ്രകാരം ചാരായ നിരോധനം കൊണ്ട് തൊഴിൽ നഷ്ടപ്പെട്ട എല്ലാ തൊഴിലാളികൾക്കും അവരുടെ നഷ്ടത്തിൽ 31-3-1999 വരെ നിലനിന്ന പി.എഫ്. പെൻഷൻ ഫണ്ട് എന്നിവയും സ്കീമിൽ വ്യവസ്ഥ ചെയ്തിരിക്കും പ്രകാരമുള്ള ഗ്രാറ്റുവിറ്റി തുകയും നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വിഷമദ്യ ദുരന്തത്തെ തുടർന്ന് അബ്കാരി ക്ഷേമ നിധി ബോർഡിന്റെ പരിധിയിൽ വരുന്ന വിദേശമദ്യ ഷാപ്പുകളോ, ബാറുകളോ അടച്ചുപൂട്ടിയിട്ടില്ല. എന്നാൽ കേരള കള്ളുവ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ വരുന്ന 316 മദ്യഷോപ്പുകൾ അടച്ചുപൂട്ടുകയും 2926 തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിഷയം പരിശോധിച്ചു വരുന്നു.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

ലേബർ അജണ്ട 2000

9(*38) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന തൊഴിൽ വകുപ്പ് പ്രഖ്യാപിച്ചിട്ടുള്ള ലേബർ അജണ്ട 2000 അനുസരിച്ച് എന്തൊക്കെ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് പ്രകാരം രൂപീകരിച്ച ഒന്നാം ലേബർ കമ്മീഷന്റെ ഘടന, പ്രവർത്തനങ്ങൾ ഇവ വിശദമാക്കുമോ ;

(സി) നിർദ്ദിഷ്ട ലേബർ ബാങ്കിന്റെ രൂപീകരണം പൂർത്തിയായോ ; ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ തൊഴിലാളികൾക്ക് ലേബർ ബാങ്ക് മുഖേന സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ലേബർ ബാങ്കിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് എപ്രകാരം സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) തൊഴിലാളികളുടെ സർവ്വതോൻമുഖമായ അഭിവൃദ്ധിക്കായി കേരള സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്ന 12 ഇന പരിപാടിയാണ് ലേബർ അജണ്ട 2000. വിശദമായ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) കമ്മീഷൻ രൂപീകരിച്ചിട്ടില്ല.

(സി) നിർദ്ദിഷ്ട ലേബർ ബാങ്കിന്റെ രൂപീകരണം പൂർത്തിയായിട്ടില്ല. തൊഴിലാളികളെ കടക്കെണിയിൽ നിന്നും രക്ഷിക്കുന്നതിന് ലഘുവ്യവസ്ഥകൾക്ക് വിധേയമായി നുറുങ്ങ് വായ്പകൾ (മൈക്രോ ക്രെഡിറ്റ്) നൽകുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ഡി) ഇതിനുള്ള പദ്ധതി പരിഗണനയിലാണ്.

(ഇ) ബാങ്കിന്റെ വിശദാംശങ്ങൾ പരിശോധിച്ച് വരുന്നതേയുള്ളൂ.

---

†അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly